(ബി) ഈ പദ്ധതി ഈ മാസം (ഫെബ്രുവരി 2011) അവസാനത്തോടെ ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

താൽക്കാലിക തടയണയും പരിസ്ഥിതി പ്രശ്നങ്ങളും

132 (582) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

കാസർഗോഡ് ജില്ലയിലെ ചീമേനി കാക്കടവിൽ ഏഴിമല നേവൽ അക്കാഡമിക്കും പെരിങ്ങോം സി.ആർ.പി.എഫ്. ക്യാമ്പിനും വേണ്ടി കുടിവെള്ളം എടുക്കുന്ന പ്രദേശത്ത് വർഷങ്ങളായി നിർമ്മിക്കുന്ന താൽക്കാലിക തടയണ പരിസ്ഥിതി പ്രശ്നങ്ങൾക്കും സാമൂഹ്യ പ്രശ്നങ്ങൾക്കും കാരണമാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കാര്യങ്കോട് പുഴയിൽ കാക്കടവ് എന്ന സ്ഥലത്ത് പുഴയിലെ നീരൊഴുക്ക് വേനൽക്കാലത്ത് കുറയുന്നതുകാരണം 2006 മുതൽ താൽക്കാലിക തടയണ നിർമ്മിക്കുന്നുണ്ട്: കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ഈ തടയണ അത്യാവശ്യമാണ്. താൽക്കാലിക തടയണ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന വസ്തുക്കൾ മഴക്കാലത്ത് ഒഴുകിപ്പോകുമ്പോൾ ബാക്കിയാകുന്ന അവശിഷ്ടങ്ങൾ പരിസ്ഥിതി പ്രശ്നങ്ങളും, സാമൂഹ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ടെന്ന് നാട്ടുകാരും പരിസ്ഥിതി പ്രവർത്തകരും യുവജന സംഘടനകളും പരാതിപ്പെട്ടിട്ടുണ്ട്.

താൽക്കാലിക തടയണ നിർമ്മിക്കാതെ നേവൽ അക്കാഡമിയിലേക്കും മറ്റും വേനൽക്കാലത്ത് കുടിവെള്ളം ലഭ്യമാക്കുവാൻ ബുദ്ധിമുട്ടാണ്.

സ്ഥിരം തടയണ നിർമ്മിക്കുക എന്നുള്ളതാണ് പ്രശ്നത്തിനുള്ള പരിഹാരം. വിശദമായ പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

കുന്ദമംഗലം-പാലയ്ക്കൽ-പേവുംകൂട്ടുമ്മൽ പ്രദേശത്തെ കുടിവെള്ളക്ഷാമം

133 (583) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കുന്ദമംഗലം-പാലയ്ക്കൽ-പേവുംകൂട്ടുമ്മൽ പ്രദേശത്തെ ആളുകൾ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രദേശത്ത് ഒരു കുടിവെള്ള പദ്ധതി ആരംഭിക്കേണ്ട ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പ്രദേശത്ത് കുടിവെള്ളപദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയ്ക്കുമോ ;

(ഡി) പ്രസ്തുത പ്രദേശത്ത് കുടിവെള്ളപദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പ്രസ്തുത പ്രദേശത്ത് പുതിയ കുടിവെള്ള പദ്ധതിയ്ക്കാവശ്യമായ കിണറിന്റെസ്ഥലം പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സ്വീകരിക്കുന്നതാണ്.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

134 (584) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേക്ക് ജലവിഭവ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ചെങ്ങന്നൂർ, മാവേലിക്കര, തിരുവല്ല സെക്ഷനുകളിൽ ഏതൊക്കെ തസ്തികകളിലാണ് ജീവനക്കാർ ഇല്ലാതെയും, വർക്കിംഗ് അറേഞ്ച്മെന്റിലും തുടരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഒഴിവുകൾ നികത്തി വർക്കിംഗ് അറേഞ്ച്മെന്റ് ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) വർക്കിംഗ് അറേഞ്ച്മെന്റ് പാടില്ല എന്നുള്ള കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 2009-ൽ വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി മിത്രപുഴക്കടവ് പമ്പ് ഹൗസിൽ 50 എച്ച്.പി.വി.റ്റി. പമ്പ് സെറ്റ്, കുന്നത്തുമലയിൽ 20 എച്ച്.പി.സി.എഫ്. പമ്പ് സെറ്റും സ്ഥാപിച്ചു. മിത്രപുഴക്കടവ് കിണറിൽ നിന്നും ചെളിയും മണ്ണും നീക്കം ചെയ്യുന്ന പ്രവൃത്തി നടത്തി പ്ലാന്റ് പുനരുദ്ധീകരിക്കുന്നതിന്റെ ഭാഗമായി മലയിൽ പമ്പ് ഹൗസ് 20 എച്ച്.പി.സി.എഫ്. പമ്പ് സെറ്റ് സ്ഥാപിച്ചു. ഹായൂറി ജംഗ്ഷനിൽനിന്നും താഴത്തുപറമ്പ് വീടുവരെ എം.എൽ.എ. എസ്.ബി.എഫ്. പ്രവൃത്തിയിൽ പൈപ്പ്ലൈൻ നീട്ടി 16 വാർഡുകളിലായി 4 കിലോമീറ്റർ പൈപ്പുലൈനും 22 ടാപ്പുകളും സ്ഥാപിച്ചു. കെ.എസ്.ഡി.പി. മെയിൻ സെൻട്രൽ റോഡ് നവീകരണവുമായി ബന്ധപ്പെട്ട് ആഞ്ഞിലിമൂട് മുതൽ വെള്ളാവൂർ ജംഗ്ഷൻ വരെ 8 കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ച് കുടിവെള്ള വിതരണം മെച്ചപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly